(ബി) 2012-ലെ കരാറിൽ ഇതുമായി ബന്ധപ്പെട്ട് എന്തു വ്യവസ്ഥയാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ;

(സി) 2012-ലെ കരാർ അടിസ്ഥാനമാക്കി രണ്ട് മാസത്തിനുള്ളിൽ തീരുമാനമെടുക്കണമെന്ന കേരള ഹൈക്കോടതിയുടെ WP(c) No. 3225 of 2016 (c) ഉത്തരവ് നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അഞ്ച് വർഷം പൂർത്തീകരിച്ച എം-പാനൽ ജീവനക്കാരെ സ്ഥിരപ്പെടുത്തണമെന്ന ആവശ്യം ഒരു വർഷത്തിനുള്ളിൽ ചർച്ച ചെയ്ത് ഉചിതമായ തീരുമാനം എടുക്കുമെന്നതാണ് വ്യവസ്ഥ.

(സി) നിലവിൽ കെ.എസ്.ആർ.ടി.സി.യിലെ ഭൂരിഭാഗം തസ്തിക കളിലേക്കുമുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ളതിനാൽ താത്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

കർണ്ണാടകത്തിലേക്ക് അന്തർ സംസ്ഥാന സർവ്വീസുകൾ

253 (3360) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കർണ്ണാടകത്തിലേക്ക് എത്ര അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. ; അതിൽ എത്രയെണ്ണം സർവ്വീസ് നടത്തുന്നു എന്ന് വ്യക്തമാക്കാമോ ;

(ബി) പുതുതായി അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കർണ്ണാടക സംസ്ഥാനവുമായി 2009-ൽ ഒപ്പുവച്ച അന്തർസംസ്ഥാന കരാറിൽ ഉൾപ്പെട്ട റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി. പെർമിറ്റ് കരസ്ഥമാക്കുവാൻ ബാക്കി ഉണ്ടായിരുന്ന 17 റൂട്ടുകളിലെ പെർമിറ്റുകൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കരസ്ഥമാക്കിയിട്ടുണ്ട്. ഇവയിൽ ചിലത് ചില ദിവസങ്ങളിൽ ബസ്സിന്റെ കുറവുമൂലം ഓപ്പറേറ്റ് ചെയ്യാറില്ല. എന്നാൽ ഒരു ഷെഡ്യൂളും സ്ഥിരമായി നിർത്തലാക്കിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) തമിഴ്നാട്, കർണ്ണാടക, ആന്ധ്രാപ്രദേശ്, തെലുങ്കാന, ഗോവ എന്നീ സംസ്ഥാനങ്ങളിലെ വിവിധ ഭാഗങ്ങളിലേക്കും കേന്ദ്ര ഭരണപ്രദേശമായ പുതുച്ചേരിയിലേക്കും അന്തർസംസ്ഥാന സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരികയാണ്.

ജോയിനിംഗ് സമയം നീട്ടാൻ ഉത്തരവ്

254 (3361) <u>ശ്രീമതി കെ. കെ. ലതിക</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ഡ്രൈവർ തസ്തികയിൽ നിയമന ഉത്തരവ് ലഭിച്ച ശ്രീ. എം. സജിത്ത്കുമാർ, മമ്മള്ളി ഹൗസ്, കീഴിൽ പി. ഒ., കോഴിക്കോട് എന്നയാൾ ജോയിനിംഗ് സമയം നീട്ടി ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ആൾക്ക് സർവ്വീസിൽ ചേരുന്നതിന് അനുവാദം നൽകിക്കൊണ്ടുള്ള ഉത്തരവ് നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ & ബി) കെ.എസ്.ആർ.ടി.സി.യിൽ ഡ്രൈവർ ഗ്രേഡ് II തസ്തികയിലേക്ക് 18-4-2015-ലെ നിയമന ഉത്തരവ് ലഭിച്ച ശ്രീ. എം. സജിത്ത് കുമാർ പ്രവേശന സമയം നീട്ടി ലഭിക്കുന്നതിനായി കെ.എസ്.ആർ.ടി.സി.യിൽ സമർപ്പിച്ച അപേക്ഷ പരിശോധിച്ച് കെ.എസ്.ആർ.ടി.സിക്ക് അനുവദിക്കാവുന്ന 45 ദിവസത്തെ പ്രവേശന സമയം അനുവദിച്ച് നൽകിയിരുന്നു. എന്നാൽ ആരോഗ്യപരമായ കാരണങ്ങളുടെ അടിസ്ഥാനത്തിൽ യഥാസമയം ജോലിയിൽ പ്രവേശിക്കാൻ സാധിച്ചില്ലായെന്നും ജോലിയിൽ പ്രവേശിക്കാൻ അനുമതി നൽകണമെന്നും ആവശ്യപ്പെട്ട് ടിയാൻ 6-10-2015-ൽ ഒരു അപേക്ഷ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത അപേക്ഷ നിലവിലെ വ്യവസ്ഥകൾ പ്രകാരം നിയമനാധികാരി മുഖേനയോ നിശ്ചിത സമയപരിധിക്കുള്ളിലോ ആയിരുന്നില്ല സർക്കാരിൽ ലഭിച്ചിരുന്നത്. തുടർന്ന് ഇക്കാര്യത്തിലുള്ള വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ നിയമനാധികാരിയായ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി.യോട് ആരായുകയും ആയത് 20-2-2016-ലെ കത്ത് പ്രകാരം സർക്കാരിന്റെ പരിഗണനയ്ക്കായി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly